# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ-ഇ കെ എം(ബി പി) 1793/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2) അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം
3) കാര്യാലയ പകർപപ്പ്

നമ്പർ: കെ എസ് എ-ഇ കെ എം(ബി പി) 1793/23 തീയ്യതി: 12/12/2023

## എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാംകുട്ടി.ടി.എൽ | ജോയിന്റ് ഡയറക്ടർ | 23-11-2023 | 28-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-11-2023 | 28-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശ്രീജ ഉണ്ണിക്കൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ
ശ്രീമതി. സ്വപ്ന വി, ഓഡിറ്റർ
ശ്രീ. നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രൊഫ. ജോസ് അഗസ്റ്റിൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.രതി എം ജി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബാലകൃഷ്ണൻ എൻ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഹസ്ന പി എ | അസി. എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സുപ്രിയാദേവി എസ് പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ജോർജ് കെ എ | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ,പണ്ടപ്പിള്ളി | 01-04-2022 | 31-03-2023 |
| ഡോ. ബ്ലസ്സി പോൾ | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി. കല്ലൂർക്കാട് | 01-04-2022 | 31-03-2023 |
| ശ്രീമതി.സിസിലി കുരുവിള | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2022 | 31-05-2022 |
| ശ്രീമതി.സുഹറ സി എച്ച് | ശിശു വികസന പദ്ധതി ഓഫീസർ | 01-06-2022 | 06-07-2022 |
| ശ്രീമതി.ശ്രീദേവി എ.എസ്. | ശിശു വികസന പദ്ധതി ഓഫീസർ | 07-07-2022 | 26-12-2022 |
| ശ്രീമതി.ശാലിനി പ്രഭാ | ശിശു വികസന പദ്ധതി ഓഫീസർ | 27-12-2022 | 31-03-2023 |
| ശ്രീമതി. റസീന റ്റി.എ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.റ്റാനി കെ തോമസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രേഷ്മ ജി | വ്യവസായ വികസന | 01-04-2022 | 20-08-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ.തേജോ കെ. കൈമൾ | വ്യവസായ വികസന ഓഫീസർ | 21-08-2022 | 16-10-2022 |
| ശ്രീ.മുഹമ്മദ് റാസി . എ. | വ്യവസായ വികസന ഓഫീസർ | 17-10-2022 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-4 |
| 6 | സംയുക്ത പ്രോജക്ടിനായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ വിശദവിവരം ലഭ്യമല്ല | 1-1-5 |
| 7 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 17 | കടമുറികളുടെ വാടക വരവ് - അപാകതകൾ | 1-11 |
| 18 | പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ദൈനംദിന ചെലവുകൾക്കുള്ള തുക ബ്ലോക്ക് പഞ്ചായത്ത് നൽകുന്നു | 1-12 |
| 19 | ജില്ല ക്യാൻസർ നിയന്ത്രണ പരിപാടി - ബോധവൽക്കരണ ബോർഡുകൾ സ്ഥാപിച്ചതിലെ അപാകതകൾ | 1-13 |
| 20 | മാർഗ്ഗദീപം പ്രൊജക്ട്-അധിക നിരക്കിൽ ഹോണറേറിയം നൽകി | 1-14 |
| 21 | യൂണിറ്റ് കോസ്റ്റിനേക്കാൾ അധിക നിരക്കിൽ തുക നൽകി | 1-15 |
| 22 | കാർഷിക വിളകളുടെ കീടരോഗതീവ്രവ്യാപന നിയന്ത്രണം-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-16 |
| 23 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പഠനമുറി നിർമ്മാണം നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല | 1-17 |

| | | |
|---|---|---|
| 24 | മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ച് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് ടെലിവിഷൻ,വാട്ടർ പ്യൂരിഫയർ എന്നിവ വാങ്ങി | 1-18 |
| 25 | പ്രവൃത്തികൾ വിഭജിച്ച് നടപ്പിലാക്കുന്നു. | 1-19 |
| 26 | മരാമത്ത് പ്രവൃത്തികൾ നിഷ്ക്രിയ ആസ്തികളായി പരിണമിക്കുന്നു. | 1-20 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മാർഗദീപം പ്രൊജക്ട്-അധിക നിരക്കിൽ ഹോണറേറിയം നൽകി | 3-1 |
| 2 | യൂണിറ്റ് കോസ്റ്റിനേക്കാൾ അധിക നിരക്കിൽ തുക നൽകി | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മൂവാറ്റുപുഴ ബ്ളോക്ക്പഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2023 ലെ 2/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 30.06.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മൂവാറ്റുപുഴ ബ്ളോക്ക് പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:കാക്കനാട്

തീയതി:12.12.2023

ജോയിന്റ് ഡയറക്ടർ

## 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

### 1-1-2 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 989795/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1857678/- യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-4 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-5 സംയുക്ത പ്രോജക്ടിനായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ വിശദവിവരം ലഭ്യമല്ല

വാർഷിക ധനകാര്യപത്രിക ബി4 ഷെഡ്യൂളിൽ 320700205 എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിൽ സംയുക്ത പ്രോജക്ടിനായി ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം ₹4819446.00 നീക്കിയിരിപ്പുണ്ട്. ഈ തുക ഏതെല്ലാം പ്രോജക്ടുകൾക്കായി ലഭിച്ചിട്ടുള്ളതാണെന്ന വിവരം ലഭ്യമല്ല.

### 1-1-6 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം, വാടകയിനത്തിൽ ₹418916 കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയും പഞ്ചായത്ത് കമ്മിറ്റി 25.03.2022 ലെ 1 /1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ച് പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തേക്കുള്ള റിവൈസ്ഡ് ബജറ്റ് പഞ്ചായത്ത് കമ്മിറ്റി 07.02.2023 ലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1/1 തീയതി 25.03.2022) | | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1/1 തീയതി 07.02.2023 ) |
|---|---|---|
| മുന്നിരുപ്പ് | ₹997284 | ₹997284 |
| വരവ് | ₹423908916 | ₹432560236 |
| ആകെ | ₹424906200 | ₹433557520 |
| ചെലവ് | ₹424358800 | ₹432969800 |
| നീക്കിയിരുപ്പ് | ₹547400 | ₹587720 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹14973416 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹68092795 |
| ആകെ | : | ₹83066211 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹67103000 |
| നീക്കിയിരുപ്പ് | : | ₹15963211 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ് പ്രകാരം വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ | ചെലവഴിക്കാതെ ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 24412000 | 24412000 | 22253320 | 0 | 2158680 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 8672000 | 8672000 | 8069585 | 0 | 602415 |
| വികസനഫണ്ട്(ടി .എസ്..പി) | 0 | 323000 | 323000 | 323000 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് -(റോഡിതരം) | 0 | 6988000 | 6988000 | 6972765 | 0 | 15235 |
| ധനകാര്യകമ്മീഷൻ അവാർഡ് ( UnTied) ട്രഷറി | 0 | 5405 | 5405 | 5405 | 0 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് ( UnTied) ബാങ്ക് | 154088 | 4086429 (3936000+int 150429) | 4240517 | 3765595 | 474922 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് ( Tied) ട്രഷറി | 0 | 575847 | 575847 | 371065 | 0 | 204782 |
| ധനകാര്യകമ്മീഷൻ അവാർഡ് Tied ബാങ്ക് | 829793 | 5904000 | 6733793 | 6099989 | 633804 | 0 |
| ടോട്ടൽ സാനിട്ടേഷൻ 320100115 | 283952 | 8068 | 292020 | 1 | 292019 | 0 |
| നാഷണൽ റൂറൽ ഹെൽത്ത് മിഷൻ 320100120 | 0 | 2591116 | 2591116 | 343007 | 2248109 | 0 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത്/ പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 142 | 76675708 | 101 | 50691034 | - | 41 | 71% |

1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

1-7 ക്ഷേമ പദ്ധതികൾ

ബാധകമല്ല

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് നീക്കിയിരിപ്പ് പരിശോധന 27.11.2023 തീയതി 3 Pm ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ ടി ദിവസം പണമിടപാടുകൾ നടന്നിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.6.23 മുതൽ 03.7.23 വരെ | 2022-23 | റിപ്പോർട്ട് ലഭിച്ചില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.12.2014 മുതൽ 20.12.2014 വരെ | 2009-10 മുതൽ 2013-14 വരെ | 16.4.2015 |

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. പ്രൊജക്ട് ഫയലുകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ട്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. വാടകയുടെ ഡിമാൻഡ് കളക്ഷൻ ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
2. സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. തനത് ഫണ്ടിൽ നിന്നുമുള്ള പ്രൊജക്ട് ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ചേർത്തിട്ടില്ല. കേരളോത്സവം സംഘാടനത്തിനായി ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച ₹42,243.00-യുടെ ചെലവാണ് ഇപ്രകാരം സുലേഖയിൽ ഉൾപ്പെടുത്താതിരുന്നത്.
4. ഭരണ സമിതി യോഗങ്ങളുടെ വിവരങ്ങൾ സകർമ്മ സോഫ്റ്റ് വെയറിൽ അപൂർണ്ണമായി രേഖപ്പെടുത്തുന്നു. ഉദാ:- 07.02.23ലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സിൽ യോഗത്തിൽ പങ്കെടുത്ത വാർഡ് മെമ്പർമാരുടെ പേരു വിവരങ്ങൾ, യോഗം ആരംഭിച്ച സമയം, സ്ഥലം, അദ്ധ്യക്ഷന്റെ പേരും ഔദ്യോഗിക പദവിയും തുടങ്ങിയ വിവരങ്ങൾ ചേർത്തിട്ടില്ല. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും സകർമ്മയിൽ വിവരങ്ങൾ അപൂർണ്ണമായി രേഖപ്പെടുത്തുന്നത് സംബന്ധിച്ച് പരാമർശിച്ചിരുന്നു.

അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 കടമുറികളുടെ വാടക വരവ് - അപാകതകൾ

വാടക രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ പലയിടങ്ങളിലായി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 27 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. രേഖകൾ അപൂർണ്ണമായതിനാൽ കടമുറി നം./ പഞ്ചായത്ത്/ വാർഡ്, ലേലം കൊണ്ട വ്യക്തിയുടെ പേര്, മേൽവിലാസം, കടമുറിയിൽ നടത്തപ്പെടുന്ന സ്ഥാപനം, അടവാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക എന്നീ വിവരങ്ങൾ വാടക രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. കൂടാതെ വാടക കരാറുകൾ ചമച്ചിട്ടുണ്ടെങ്കിലും കരാർ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമല്ല. വാർഷിക വർദ്ധനവ് സംബന്ധിച്ച വിവരങ്ങളും വ്യക്തമല്ല.
1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 256, ബൈലോകളും അവയുടെ ലംഘനത്തിനുള്ള ശിക്ഷകളും പ്രകാരം ആക്ടിലേയും മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ബൈലോ ഉണ്ടാക്കാവുന്നതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-12-ൽ ഇക്കാര്യം മുൻപ് പരാമർശിച്ചിട്ടുണ്ടെങ്കിലും ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.
വാടക ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. സൂക്ഷിക്കുന്നില്ലാത്ത പക്ഷം വാടക ഡെപ്പോസിറ്റ് എപ്രകാരമാണ് അക്കൗണ്ട് ചെയ്യുന്നതെന്ന് വ്യക്തമാക്കേണ്ടതും വാടക ഡെപ്പോസിറ്റായി സ്വീകരിച്ച തുകയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. വാടക ഡെപ്പോസിറ്റ് സ്വീകരിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റി മുൻ വർഷങ്ങളിലടക്കം തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.
2022-23 വാർഷിക ധനകാര്യപത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വാടക കുടിശ്ശികയായി ലഭിക്കാനുള്ളത് ₹4,18916.00-യാണ്. കുടിശ്ശിക തുകയായ ₹4,18916.00 ഈടാക്കുന്നതിനായി നാളിതു വരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കേണ്ടതാണ്.
വാടക കളക്ഷൻ രജിസ്റ്ററിൽ ഡിമാന്റ് , കളക്ഷൻ , ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്താത്തതിനാലും വാടക വരവ് സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾക്ക് വ്യക്തത ഇല്ലാത്തതിനാലും വാർഷിക ധനകാര്യപത്രികയിലെ കണക്കുകളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.
മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 27.11.2023-ൽ നൽകിയ 2-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിശദീകരണം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

## 1-12 പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ദൈനംദിന ചെലവുകൾക്കുള്ള തുക ബ്ലോക്ക് പഞ്ചായത്ത് നൽകുന്നു

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 166-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം മൂന്നാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച ഗ്രാമപഞ്ചായത്തു പ്രദേശത്തെ ആവശ്യങ്ങൾ നിറവേറ്റേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കർത്തവ്യമായിരിക്കുന്നതാണ്. ആയതിനാൽ മൂന്നാം പട്ടികയിൽ വിവരിക്കുന്ന മേഖല അടിസ്ഥാനത്തിലുള്ള ചുമതലകളിൽ "പൊതുജനാരോഗ്യവും ശുചീകരണവും" ക്രമ നമ്പർ XII-ൽ വിവരിക്കുന്ന കർത്തവ്യങ്ങളിൽ ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും

ഉപകേന്ദ്രങ്ങളും (എല്ലാത്തരം ചികിൽസാ സമ്പ്രദായങ്ങളിലും പെടുന്നവ) നടത്തുന്നത് ഗ്രാമപഞ്ചായത്തിന്റെ കർത്തവ്യമായിരിക്കുന്നതാണ്. കൂടാതെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നാലാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ആവശ്യങ്ങൾ നിറവേറ്റേണ്ടത് ബ്ലോക്ക് പഞ്ചായത്തിന്റെ കർത്തവ്യമായിരിക്കുന്നതാണ് .ആയതിനാൽ നാലാം പട്ടികയിൽ വിവരിക്കുന്ന മേഖല അടിസ്ഥാനത്തിലുള്ള ചുമതലകളിൽ "പൊതുജനാരോഗ്യവും ശുചീകരണവും" ക്രമ നമ്പർ X-ൽ വിവരിക്കുന്ന കർത്തവ്യങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാത്തരം ചികിൽസാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് അശുപത്രികളും നടത്തുക ബ്ലോക്ക് പഞ്ചായത്ത് കർത്തവ്യമായിരിക്കുന്നതാണ്.
എന്നാൽ മുൻ വർഷങ്ങളിലും, 2022-23 സാമ്പത്തിക വർഷത്തിൽ S0056/23,S0041/23 നമ്പർ പ്രോജക്ടുകൾ മുഖേനയും ആകെ ചെലവ് തുകയായ ₹215520.00 (S0056/23 :₹20965 + S0041/23 :₹194555) കല്ലൂർക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ദൈനംദിന ചെലവുകൾക്കുള്ള തുകയായി മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് നൽകിയിട്ടുള്ളതാണ്. ആയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് 27.11.2023-ൽ നൽകിയ 3-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-13 ജില്ല ക്യാൻസർ നിയന്ത്രണ പരിപാടി - ബോധവൽക്കരണ ബോർഡുകൾ സ്ഥാപിച്ചതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജില്ല ക്യാൻസർ നിയന്ത്രണ പരിപാടി - മൂന്നാം ഘട്ടം |
| പ്രോജക്ട് നം. | S0096/2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ,പണ്ടപ്പള്ളി |
| അടങ്കൽ | ₹50000.00(വികസന ഫണ്ട്- പൊതു വിഭാഗം സാധാരണ വിഹിതം) |
| ചെലവ് | ₹50000.00 |
| ബിൽ റഫറൻസ് നം./ തീയതി | 22120263083801234928/25.02.2023 |

ബ്ലോക്ക് പഞ്ചായത്തിൽ മേൽ പട്ടികയിൽ വിവരിച്ച പ്രോജക്ട് പ്രകാരം മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ബ്ലോക്കിന്റെ പരിധിയിലുള്ള എട്ട് ഗ്രാമപഞ്ചായത്തുകളിൽ ക്യാൻസർ നിയന്ത്രണ ബോധവത്ക്കരണം നടത്തുന്നതിന്റെ ഭാഗമായി ജനങ്ങൾ കൂടുന്ന സ്ഥലങ്ങളിൽ ബോധവത്ക്കരണ ബോർഡുകൾ സ്ഥാപിക്കുന്നതിന് ₹40000.00, ക്യാൻസർ നിയന്ത്രണ ബോധവൽക്കരണ നോട്ടീസ് പ്രിന്റ് ചെയ്യുന്നതിന് ₹10000.00 എന്ന നിരക്കുകളിൽ ആകെ ₹50000.00 ചെലവ് വന്നിട്ടുള്ളതാണ്. ആയതിൽ വന്നിട്ടുള്ള അപാകങ്ങൾ ചുവടെ ചേർക്കുന്നു.
എ) മേൽ വിവരിച്ച പ്രോജക്ടിന്റെ ക്വട്ടേഷൻ നോട്ടീസിൽ ബോധവൽക്കരണ ബോർഡുകൾ, ബോധവൽക്കരണ നോട്ടീസുകൾ എന്നിവയുടെ അളവുകൾ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമല്ല.
ബി) ക്വട്ടേഷൻ നോട്ടീസിൽ വിവരങ്ങൾ പൂർണ്ണമല്ലാത്ത സാഹചര്യത്തിൽ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആകെ ലഭിച്ചിട്ടുള്ളത് മൂന്ന് ക്വട്ടേഷനുകളാണ്. വിവരങ്ങൾ താഴെ ചേർക്കുന്നു.
1) സിഗ്മ പാർക്ക് , മൂവാറ്റുപുഴ :- ₹48590.00
2)സിക്സ്കോ സൈൻ ഗ്രാഫിക്സ് , മൂവാറ്റുപുഴ :- ₹40002.00
3) മീനൂസ് ആർട്ട്സ്, മുടവൂർ :- ₹45200.00
എന്നാൽ മേൽപറഞ്ഞ മൂന്ന് ക്വട്ടേഷനുകളിൽ രണ്ടെണ്ണത്തിൽ (ക്രമ നം. 1,3) ബോധവൽക്കരണ ബോർഡിന്റെ അളവായി രേഖപ്പെടുത്തിയിട്ടുള്ളത് 226 സ്ക്വയർഫീറ്റ് എന്നാണ്. ബോർഡിന്റെ അളവായി 226 സ്ക്വയർഫീറ്റ് എന്ന് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.
സി) മേൽപ്പറഞ്ഞ മൂന്ന് ക്വട്ടേഷനുകളിൽ കുറവ് നിരക്ക് നൽകിയിട്ടുള്ള സിക്സ്കോ സൈൻ ഗ്രാഫിക്സിന്റെ (₹40002.00) ക്വട്ടേഷനാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ സിക്സ്കോ സൈൻ ഗ്രാഫിക്സ് സമർപ്പിച്ചിട്ടുള്ള

ക്വട്ടേഷനിൽ ബോർഡിന്റെ അളവ് വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയതായി കാണുന്നില്ല. ടി സ്ഥാപനം സമർപ്പിച്ച ക്വട്ടേഷനിലെ നിരക്ക് കുറവാണോ അതോ കൂടുതലാണോ എന്ന് നിശ്ചയിച്ചതിന്റെ അടിസ്ഥാനം എന്താണ് എന്നതിന് വിശദീകരണം ലഭ്യമാക്കിയില്ല.

ഡി) ബോധവൽക്കരണ ബോർഡ് സ്ഥാപിച്ചത് സംബന്ധിച്ച് പ്രൊജക്ട് മോണിറ്ററിംഗ് റിപ്പോർട്ടോ ബോർഡ് സ്ഥാപിച്ചിട്ടുള്ളതിന്റെ രേഖകളോ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. ഒരു സ്ക്വയർഫീറ്റിന് ₹150.00 നിരക്കിൽ 226 സ്ക്വയർഫീറ്റിന് ₹33900.00-യും ആയതിന്റെ ജി.എസ്.റ്റി 18% (₹6102) ചേർത്ത് ആകെ ₹40002.00-യുടെ ബില്ലുമാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. എന്നാൽ എത്ര ബോർഡുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നും സ്ഥാപിച്ച ഓരോ ബോർഡിന്റെയും അളവ് എത്രയെന്നുമുള്ള വിവരങ്ങൾ ഫയലിൽ വ്യക്തമല്ല. ആയതിനാൽ ബോർഡുകളുടെ അളവുകൾ , സ്ഥാപിച്ചിട്ടുള്ള ബോർഡുകളുടെ ആകെ എണ്ണം, ബോർഡുകൾ സ്ഥാപിച്ച സ്ഥലം , ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് 28.11.2023-ൽ നൽകിയ 9-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 മാർഗ്ഗദീപം പ്രൊജക്ട്-അധിക നിരക്കിൽ ഹോണറേറിയം നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം | മാർഗ്ഗദീപം -പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി പരിശീലനം /54/23 |
| അടങ്കൽ തുക | ₹ 250500 (വികസന ഫണ്ട്,എസ്.സി.പി) |
| ആകെ ചെലവ് തുക | ₹250500 (വികസന ഫണ്ട്,എസ്.സി.പി) |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

മേൽ പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിലെ പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് 2022 ജൂൺ മുതൽ 2023 മാർച്ച് വരെയുള്ള മാസങ്ങളിൽ വിവിധ വിഷയങ്ങളിൽ പി.എസ്.സി പരിശീലനം നൽകിയതിന് അധ്യാപകർക്കുള്ള ഓണറേറിയമായി ആകെ ₹250500.00 ചെലവഴിച്ചിട്ടുണ്ട്.

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ഖണ്ഡിക നമ്പർ 3-1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-15 യൂണിറ്റ് കോസ്റ്റിനേക്കാൾ അധിക നിരക്കിൽ തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് ,നം | കാർഷിക വിളകളുടെ കീടരോഗതീവ്രരോഗവ്യാപന നിയന്ത്രണം ,172/22-23 |
| നിർവഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| അടങ്കൽ തുക | ₹200000(വികസന ഫണ്ട് പൊതുവിഭാഗം) |
| ആകെ ചെലവ് തുക | ₹200000(വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് തുക/ബിൽ നം/തീയതി | 1)₹95700 9/2022-23,28.2.2023 2)₹104300 8/2022-23,27.2.2023 |

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള മഞ്ഞള്ളൂർ, ആവോലി ,

ആരക്കുഴ,കല്ലൂർക്കാട് ,ആയവന,പായിപ്ര എന്നീ പഞ്ചായത്തുകളിലെ പാടശേഖരങ്ങളിലെ നെല്ല്, കപ്പ എന്നീ വിളകളുടെ കീടരോഗ നിയന്ത്രണവുമായി ബന്ധപ്പെട്ട് വളങ്ങളും കീടനാശിനികളും വാങ്ങുന്നതിന് ആകെ ₹200000.00 നിർവഹണോദ്യോഗസ്ഥൻ വിവിധ പാടശേഖരസമിതികൾക്കും എക്കോഷോപ്പുകൾക്കും നൽകിയിട്ടുണ്ട്.

പാടശേഖരസമിതികളും എക്കോഷോപ്പുകളും ട്രൈക്കോഡേർമ, സ്യൂഡോമോണസ് എന്നീ ഉൽപ്പന്നങ്ങൾ ഉത്തരവ് നം. 103578/22/ ഡി.പി.സി /ഡിപിഒ/ഇ.കെ.എം/തീയതി 13.7.2022 പ്രകാരം അനുവദനീയമായ നിരക്കിനേക്കാൾ കൂടിയ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ ഭാഗം 3-2 ൽ ചേർത്തിട്ടുണ്ട്.

## 1-16 കാർഷിക വിളകളുടെ കീടരോഗതീവ്രവ്യാപന നിയന്ത്രണം-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് ,നം | കാർഷിക വിളകളുടെ കീടരോഗ തീവ്രരോഗവ്യാപന നിയന്ത്രണം, 172/22-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| അടങ്കൽ തുക | ₹200000.00(വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് തുക/ബിൽ നം/തീയതി | 1)₹95700.00 9/2022-23,28.2.2023 2)₹104300.00 8/2022-23,27.2.2023 |

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള മഞ്ഞള്ളൂർ, ആവോലി , ആരക്കുഴ,കല്ലൂർക്കാട്, ആയവന, പായിപ്ര എന്നീ പഞ്ചായത്തുകളിലെ പാടശേഖരങ്ങളിലെ നെല്ല്, കപ്പ എന്നീ വിളകളുടെ കീടരോഗ നിയന്ത്രണവുമായി ബന്ധപ്പെട്ട് വളങ്ങളും കീടനാശിനികളും വാങ്ങുന്നതിന് ആകെ ₹200000.00 നിർവ്വഹണോദ്യോഗസ്ഥൻ വിവിധ പാടശേഖര സമിതികൾക്കും, കാർഷിക കർമ്മസേനകൾക്കും, കൃഷിഭവന് കീഴിലുള്ള ഇക്കോഷോപ്പുകൾക്കും നൽകിയിട്ടുണ്ട്. ഇതിൽ പട്ടികയിലെ ബിൽ നം.1 പ്രകാരമുള്ള ₹95700-യിൽ മഞ്ഞള്ളൂർ, ആവോലി പഞ്ചായത്തുകളിലെ പാടശേഖരസമിതികൾക്ക്- ₹8000 വീതം, ആരക്കുഴ കാർഷിക കർമ്മസേനക്ക്-₹8000, ജൈവശ്രീ ഇക്കോഷോപ്പ് കല്ലൂർക്കാട്-₹8000, ഭാഗ്യശ്രീ ഇക്കോഷോപ്പ് ആയവന -₹55700, ഭാഗ്യശ്രീ ഇക്കോഷോപ്പ് ആയവന-₹8000 എന്നിങ്ങനെ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന പാടഷേഖര സമിതികളും ഇക്കോ ഷോപ്പുകളും വളങ്ങളും കീടനാശിനികളും എവിടെ നിന്നാണ് വാങ്ങിയതെന്നും ഏത് നിരക്കിലാണ് വാങ്ങിയതെന്നുമുള്ള രേഖകളില്ല. പാടശേഖര സമിതികൾ തയ്യാറാക്കിയ ഇൻവോയ്സാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

1) കദളിക്കാട് പാടശേഖരസമിതി, മഞ്ഞള്ളൂർ ന് നൽകിയ ₹8000-യിൽ 7.5 കിലോ സാഫ്, 5 കിലോ ട്രൈകോഡെർമ, 40 കിലോ വേപ്പിൻപിണ്ണാക്ക് , 50 കിലോ കക്ക എന്നിവ വാങ്ങിയതിന്റെ

ഇൻവോയ്സ് (1/2022-23, 23.2.2023) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.പാടശേഖര സമിതി തയ്യാറാക്കിയ ഇൻവോയ്സ് ആണിത്.

2)ആവോലി പാടശേഖരസമിതിക്ക് നൽകിയ ₹8000-യിൽ 7.5 കിലോ സാഫ്, 5 കിലോ ട്രൈക്കോഡെർമ, 40കിലോ വേപ്പിൻപിണ്ണാക്ക് , 50 കിലോ നീറ്റുകക്ക എന്നിവ വാങ്ങിയതിന്റെ ഇൻവോയ്സ് (ഇൻവോയ്സ് (നം. രേഖപ്പെടുത്തിയിട്ടില്ല) തീയതി 23.2.2023) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.പാടശേഖര സമിതി തയ്യാറാക്കിയ ഇൻവോയ്സ് ആണിത്.

3) കാർഷികകർമ്മ സേന ,ആരക്കുഴ-യ്ക്ക് കപ്പയിലെ വേരുചീയൽ രോഗത്തിന് നൽകിയ ₹8000-യിൽ ബയോടെക്ക് ഫെർട്ടിലൈസേഴ്സ് & കെമിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും മാക്കോബാൻ-7 എണ്ണം,ട്രൈക്കോഡെർമ-500gm-10എണ്ണം, 40കിലോ വേപ്പിൻപിണ്ണാക്ക് , 500 കിലോ കക്കാ ,സാഫ് -500gm എന്നിവ വാങ്ങിയതിന്റെ ജി.എസ്.ടി.ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

4) ജൈവശ്രീ ഇക്കോഷോപ്പ് കല്ലൂർക്കാട്-ന് കപ്പയിലെ വേരുചീയൽ രോഗത്തിന് നൽകിയ ₹8000-യിൽ 7.5 കിലോ സാഫ്, 5 കിലോ ട്രൈക്കോഡെർമ, 40 കിലോ വേപ്പിൻപിണ്ണാക്ക് , 50 കിലോ കക്കാ എന്നിവയുടെ ഇൻവോയ്സ് (ഇൻവോയിസ് നം. 1/11/2022-23,16.11.2022) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

5) ഭാഗ്യശ്രീ ഇക്കോഷോപ്പ് ,ആയവന-യ്ക്ക് നൽകിയ ₹55700-യിൽ 52.50 കിലോ സാഫ്, 35 കിലോ ട്രൈക്കോഡെർമ, 280 കിലോ നീം കേക്ക് , ലൈം- 350 കിലോ(സ്ഥാപനത്തിന്റെ ഇൻവോയിസ് നം.B/10/2022-23, 23.2.2023), എന്നിവ വാങ്ങിയതിന്റെ ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

6) ഭാഗ്യശ്രീ ഇക്കോഷോപ്പ് ,ആയവന-യ്ക്ക് നൽകിയ ₹8000-യിൽ (ടി സ്ഥാപനത്തിന്റെ ഇൻവോയിസ് നം.B/9/2022-23, 23.2.2023) , 7.5 കിലോ സാഫ്, 5 കിലോ ട്രൈക്കോഡെർമ, 40കിലോ വേപ്പിൻപിണ്ണാക്ക്, 50 കിലോ കക്ക എന്നിവ വാങ്ങിയതിന്റെ ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

7) കപ്പ രോഗ നിയന്ത്രണവുമായി ബന്ധപ്പെട്ട് ₹104300(ബിൽനം.2)-യിൽ ഭാഗ്യലക്ഷ്മി ഇക്കോഷോപ്പ് ,വാളകത്തിന് നൽകിയ ₹60000-യിൽ 56.25 കിലോ സാഫ്, 37.5 കിലോ ട്രൈക്കോഡെർമ, , 375 കിലോ നീം കേക്ക്, 375 കിലോ ലൈം എന്നിവ വാങ്ങിയതിന്റെ ഇൻവോയ്സ് (ഇൻവോയ്സ് നം.B/03 /2022-23, 23.2.2023)ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് . ഭാഗ്യലക്ഷ്മി ജൈവഗാർഡന് നൽകിയ ₹9760 രൂപയിൽ സ്യൂഡോമോണസ്-5കി.ലോ,സമ്പൂർണ്ണ -40 കിലോ (ഓർഗാനിക്ക് പെസ്റ്റിസൈഡ്) എന്നിവ വാങ്ങിയതിന്റെ ഇൻവോയ്സ് (നം.166/6.2.2023) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

മുകളിൽ കൊടുത്തിരിക്കുന്ന പ്രകാരം വാങ്ങിയ വളങ്ങളും കീടനാശിനികളും കർഷകർക്ക് വിതരണം ചെയ്ത രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല .

8)ഫ്യൂസലേജ് ഇന്നവേഷൻസ് എന്ന സ്ഥാപനത്തിന് 400 ഏക്കർ നെൽകൃഷിയിടത്തിലെ ഏരിയൽ സ്പ്രെയിംഗിന് (₹700/ഏക്കർ) ₹34540,നൽകിയിട്ടുണ്ട്. എന്നാൽ കീടനാശിനിപ്രയോഗം നടത്തിയ ഏരിയ കൃഷി ഓഫീസർ മോണിറ്റർ ചെയ്ത് സാക്ഷ്യപ്പെടുത്തിയ പരിശോധനാ റിപ്പോർട്ട്, ആനുകൂല്യം ലഭിച്ച കർഷകരുടെ വിവരം എന്നിവ ഫയലിൽ നിന്നും ലഭ്യമായിട്ടില്ല.

ആനുകൂല്യത്തിനായി ഗുണഭോക്താക്കൾ നൽകിയ അപേക്ഷകളോടൊപ്പം കൃഷി അസിസ്റ്റന്റിന്റെ സ്ഥല പരിശോധനാ റിപ്പോർട്ട്, കൃഷി ഓഫീസറുടെ വാല്യുവേഷൻ റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല. ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്ററ് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/25.1.2023) മറുപടി ലഭ്യമായിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ വിശദമായ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പഠനമുറി നിർമ്മാണം നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി /102/23 |
| അടങ്കൽ തുക | ₹875000(വികസന ഫണ്ട്, എസ്.സി.പി) |

| | |
|---|---|
| ചെലവ് തുക | ₹875000(വികസന ഫണ്ട്, എസ്.സി.പി) |
| തുക/ബിൽനം/ തീയതി | 1)₹300000-230/30.1.2023<br>2)₹50000-264/20.2.2023<br>3)₹75000-294/27.2.2023<br>4)₹225000-319/14.3.2023<br>5)₹150000-326/15.3.2023<br>6)₹75000-380/28.3.2023 |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

പ്രോജക്ട് പ്രകാരം നിർവഹണോദ്യോഗസ്ഥ 7 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി ആകെ ₹875000.00 ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ദേവപ്രിയ മനോജ് എന്ന വിദ്യാർത്ഥിനിക്ക് പട്ടികയിലെ ബിൽ നം.1 പ്രകാരം ₹50000-യും ബിൽ നം.5 പ്രകാരം₹75000-യും ഉൾപ്പെടെ ആകെ ₹125000.00 നൽകിയിട്ടുണ്ട്. അനാമിക സന്തോഷ് എന്ന വിദ്യാർത്ഥിനിക്കും പട്ടികയിലെ ബിൽ നം.1 പ്രകാരം ₹50000-യും ബിൽ നം.4 പ്രകാരം ₹75000-യും ഉൾപ്പെടെ ആകെ ₹125000.00 നല്കിയിട്ടുണ്ട്. എന്നാൽ ടി വിദ്യാർത്ഥിനികൾ നാളിതുവരെയും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/27.11.2023) ലഭ്യമായ മറുപടിയിൽ ടി വിദ്യാർത്ഥികൾ സാമ്പത്തിക പരാധീനതകൾ മൂലമാണ് പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തതെന്നും എത്രയും വേഗം നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ടി വിദ്യാർത്ഥിനികളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നത് വരെ ₹250000.00-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-18 മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ച് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് ടെലിവിഷൻ,വാട്ടർ പ്യൂരിഫയർ എന്നിവ വാങ്ങി

| | |
|---|---|
| പ്രൊജക്ട് നമ്പർ | 163/23 |
| പ്രൊജക്ടിന്റെ പേര് | ബി.ഡി.ഓ.ഓഫീസിന് ടി.വി. വാട്ടർ പ്യൂരിഫയർ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹24490.00(മെയിന്റനൻസ് ഗ്രാന്റ്(നോൺ-റോഡ്) |
| ചെലവ് | ₹24490.00(ബിൽ നമ്പർ-252/09.02.23) |

പ്രൊജക്ട് മുഖേന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഓഫീസിലേക്ക് LED Smart TV 32”-1 എണ്ണം,വാട്ടർ പ്യൂരിഫയർ - 1എണ്ണം എന്നിവ മെയിന്റനൻസ് ഗ്രാന്റ്(നോൺ-റോഡ്) ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്.അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനും കൈമാറിയ ആസ്തികളുടെ മെയിന്റനൻസിനുമായാണ് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് സർക്കാർ അനുവദിക്കുന്നത്. ഈ സാഹചര്യത്തിൽ ടി.വി.,വാട്ടർപ്യൂരിഫയർ എന്നിവ വാങ്ങുന്നതിന് മെയിന്റനൻസ് ഗ്രാന്റ്

ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 10/28.11.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കാതിരിക്കുവാൻ തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 പ്രവൃത്തികൾ വിഭജിച്ച് നടപ്പിലാക്കുന്നു.

നിർമ്മാണ പദ്ധതികളിൽ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി തയ്യാറാക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയുമായി ബന്ധപ്പെട്ട 19.04.2022ലെ സ.ഉ.(കൈ) 84/2022 /ത സ്വ ഭ വ ഉത്തരവ് ഖണ്ഡിക 3.5.1.8 ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഒരേ കെട്ടിടത്തിലെ പ്രവൃത്തികൾ ഒന്നിലധികം പദ്ധതികളായി നടപ്പിലാക്കിയിരിക്കുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | നടപ്പാക്കിയ പദ്ധതികൾ |
|---|---|---|
| 1 | പണ്ടപ്പള്ളി സി എച്ച് സി | പണ്ടപ്പള്ളി സി എച്ച് സി ചുറ്റുമതിൽ നിർമ്മാണവും നവീകരണവും, 43/23 |
| | | പണ്ടപ്പള്ളി സി എച്ച് സി നവീകരണം, 117/23 |
| | | പണ്ടപ്പള്ളി സി എച്ച് സി യിൽ സുരക്ഷ ഗ്രില്ലും അനുബന്ധ പ്രവർത്തിയും ,51/23 |
| 2 | കല്ലൂർകാട് പി എച്ച് സി | കല്ലൂർകാട് പി എച്ച് സി നവീകരണം,118/23 |
| | | കല്ലൂർകാട് പി എച്ച് സി വൈദ്യുതീകരണം,119/23 |
| | | കല്ലൂർകാട് പി എച്ച് സി നവീകരണം,44/23 |
| 3 | പാറത്താഴം എസ്.സി. കമ്മ്യൂണിറ്റിഹാൾ | പാറത്താഴം എസ്.സി. കമ്മ്യൂണിറ്റിഹാൾ ടോയ് ലെറ്റ് നിർമ്മാണം,47/23 |

| | |
|---|---|
| | പാറത്താഴം എസ്.സി. കമ്മ്യൂണിറ്റിഹാൾ പ്ലംബിംഗ്, 156/23 |

ഭാവിയിൽ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവ കൂടി ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി തന്നെ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് നിർമ്മാണ പദ്ധതികൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

1-20 മരാമത്ത് പ്രവൃത്തികൾ നിഷ്ക്രിയ ആസ്തികളായി പരിണമിക്കുന്നു.

മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് 2020-ൽ പണിപൂർത്തീകരിച്ച് 10.7.20-ൽ ഉദ്ഘാടനം നടത്തിയ പാറത്താഴം എസ്.സി. കമ്മ്യൂണിറ്റി ഹാൾ നാളിതുവരെ ഉപയോഗിക്കാതെയും യഥാവിധി സംരക്ഷിക്കാതെയും നശിച്ചുപോകുന്നതായി ഓഡിറ്റ് വേളയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടെത്തി. ഹാളിന്റെ ടൈൽ വിരിച്ച മുറ്റത്ത് നിറയെ വിറകും വൈക്കോലും ഒക്കെ വാരി വിതറിയിട്ട് വൃത്തിഹീനമായിരിക്കുന്നു. മാലിന്യങ്ങൾ നിറഞ്ഞതിനാൽ മുറ്റത്ത് വിരിച്ചിരിക്കുന്ന ടൈലിൽ കറപിടിച്ച് പഴകിയ നിലയിലാണ്. കെട്ടിടത്തിന്റെ മുകളിൽ മേഞ്ഞിരിക്കുന്ന ഷീറ്റിൽ നിറയെ പുല്ല് വളർന്ന് നിൽക്കുന്നു.ഇത്തരത്തിൽ സംരംക്ഷിക്കാതെയും ഉപയോഗിക്കാതെയും കിടക്കുന്ന ഈ കെട്ടിടത്തിൽ വീണ്ടും പണം മുടക്കി രണ്ട് ടോയ് ലെറ്റുകൾ കൂടി 2022-23ൽ പണിതു . ഈ രണ്ട് ടോയ് ലെറ്റുകളും സമീപവാസികളുടെ ഡമ്പിംഗ് സ്റ്റേഷനായി മാറിയിരിക്കുകയാണ്. ടോയ് ലെറ്റ് ഉപയോഗശൂന്യമാണ്. കൂടാതെ പഴയ കസേരകൾ, ഹെൽമെറ്റ്, മിക്സി, പഴന്തുണികൾ നിറച്ച ചാക്കുകെട്ടുകൾ പ്ലാസ്റ്റിക് കുപ്പികൾ എന്നിവ കൊണ്ട് നിറച്ചിരിക്കുന്നു. പണി പൂർത്തീകരിച്ച് ഒരു വർഷം പോലും പൂർത്തിയാകും മുൻപേ ഉപയോഗയോഗ്യമല്ലാതെ ആസ്തികൾ നശിച്ചുകൊണ്ടിരിക്കുന്നത് പൊതുപണത്തിന്റെ ദുരുപയോഗമാണ്. ആസ്തികൾ സംരക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഉപയോഗശൂന്യമായ ആസ്തികളുടെ ചില ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.

ചിത്രം 1



ചിത്രം 2



കമ്മ്യൂണിറ്റി ഹാളിന്റെ മുറ്റത്തെ ടൈലിൽ വിറകും വൈക്കോലും കൂട്ടിയിട്ടിരിക്കുന്നു (ചിത്രം 1,2)

ചിത്രം 3



ചിത്രം 4



ടോയ് ലെറ്റ് ചപ്പുചവറുകൾ നിറഞ്ഞ നിലയിൽ(ചിത്രം 3,4)

പാറത്താഴം എസ്.സി. കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണത്തിനായി 2018-19 മുതൽ ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം | വർഷം | പദ്ധതി | ചെലവഴിച്ച തുക ₹ |
|---|---|---|---|
| 1 | 2018-19 | പാറത്താഴം എസ്.സി.കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം 88/19 | 309382 |
| 2 | 2022-23 | പാറത്താഴം എസ്.സി.കമ്മ്യൂണിറ്റി ഹാൾ ടോയ് ലെറ്റ്നിർമ്മാണം 47/23 | 100000 |
| | | ആകെ | 409382 |

ആവശ്യമായ ഫീസിബിലിറ്റി പഠനങ്ങൾ നടത്തി ജനങ്ങൾക്ക് ആവശ്യമാണെന്ന് ഉറപ്പുള്ള പദ്ധതികൾ നടപ്പിലാക്കാൻ മാത്രമേ പദ്ധതിപ്പണം ഉപയോഗിക്കാവൂ. എങ്കിൽ മാത്രമേ ധനവിനിയോഗം ജനങ്ങൾക്ക് ഉപകാരപ്രദമായിതീരുകയുള്ളു.നിർദ്ധിഷ്ട ഫലങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് അവ കൈവരിക്കുന്നതിനുള്ള ഭാവനപൂർണ്ണമായ പദ്ധതികൾക്ക് രൂപം നല്കണമെന്നും അവയുടെ നിർവ്വഹണ പുരോഗതി സുസ്ഥിര വികസന സൂചകങ്ങളെ അടിസ്ഥാനമാക്കിയുള്ള മോണിട്ടറിംഗിലൂടെ വിലയിരുത്തി ലക്ഷ്യങ്ങൾ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കണമെന്നും മാർഗ്ഗരേഖയുമായി ബന്ധപ്പെട്ട 19.04.2022ലെ സ.ഉ.(കൈ) 84/2022 /ത സ്വ ഭ വ ഉത്തരവ് ഖണ്ഡിക 2.1.5 ൽ നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതിപണം ഫലപ്രദമായി ഉപയോഗിക്കുന്നില്ലായെങ്കിൽ മറ്റ് വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കേണ്ട പണം

പാഴാകുവാൻ സാധ്യതയുണ്ട്. പദ്ധതിപണം ഫലപ്രദമല്ലാത്ത പദ്ധതികൾക്കായി വിനിയോഗിക്കുന്നത് പൊതുപണത്തിന്റെ ദുർവിനിയോഗം തന്നെയാണ്. അധികാരികളുടെയും ഭരണസമിതിയുടെയും സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മാർഗദീപം പ്രൊജക്ട്-അധിക നിരക്കിൽ ഹോണറേറിയം നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം. | മാർഗദീപം -പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി പരിശീലനം /54/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ തുക | ₹ 250500 (വികസന ഫണ്ട്-എസ്.സി.പി) |
| ആകെ ചെലവ് തുക | ₹250500 (വികസന ഫണ്ട്-എസ്.സി.പി) |
| തുക(₹)/ ടി.ആർ.എൻ നം. / തീയതി | 1) 22500,221202000000004391/18.7.2022<br>2)22000,221202000000005527/12.8.2022<br>3)26000, 221202000000007373/5.9.2022<br>4)27000, 22102000000008697/7.10.2022<br>5)31500,22102000000010063/4.11.2022<br>6)16500, 221202000000011892/9.12.2022<br>7)1500,221202000000012152/16.12.2022<br>8)37500, 221202000000013340/11.1.2023<br>9)21000,221202000000014847/10.2.2023<br>10)18000,221202000000016133/6.3.2023<br>11)27000,221202000000018047/8.3.2023 |

പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിലെ പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് 2022 ജൂൺ മുതൽ 2023 മാർച്ച് വരെയുള്ള മാസങ്ങളിൽ വിവിധ വിഷയങ്ങളിൽ പി.എസ്.സി പരിശീലനം നൽകിയതിന് അധ്യാപകർക്കുള്ള ഹോണറേറിയമായി ആകെ ₹ 250500/- ചെലവഴിച്ചിട്ടുണ്ട്. ഓരോ മാസത്തിലെയും ശനി, ഞായർ ദിവസങ്ങളിലും മറ്റ് അവധി ദിവസങ്ങളിലുമാണ് പരിശീലനപരിപാടി നടത്തിയിരുന്നത്. 17.6.2022ൽ നടന്ന മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയിലെ 2.3നമ്പർ തീരുമാന പ്രകാരം ഒരു മണിക്കൂർ ക്ലാസ്സിന് ₹500 ആണ് അധ്യാപകർക്കുള്ള ഹോണറേറിയമായി നിശ്ചയിച്ചിരിക്കുന്നത്. അറ്റന്റൻസ് രജിസ്റ്റർ പ്രകാരം 2022 ജൂൺ മാസത്തിൽ 35 ഉദ്യോഗാർത്ഥികളാണ് പരിശീലനത്തിൽ പങ്കെടുത്തിരുന്നത്. 2022 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ 39 ഉദ്യോഗാർത്ഥികളും പരിശീലനത്തിൽ പങ്കെടുത്തിരുന്നു . പിന്നീട് ഉദ്യോഗാർത്ഥികളുടെ എണ്ണം കുറഞ്ഞ് 2023 ഫെബ്രുവരിയിൽ 16 ഉം മാർച്ച് മാസത്തിൽ 7 പേരും മാത്രമാണ് പരിശീലനത്തിൽ പങ്കെടുത്തിരിക്കുന്നത്. അധ്യാപകർക്കുള്ള ഹോണറേറിയം ഇനത്തിൽ 39 ഉദ്യോഗാർത്ഥികളുള്ള ഓഗസ്റ്റ്,സെപ്റ്റംബർ മാസങ്ങളിൽ ₹26000/-, ₹27000/- വീതം ചെലവു വന്നിട്ടുണ്ട്. 7 ഉദ്യോഗാർത്ഥികളുള്ള മാർച്ച് മാസത്തിലും ₹27000/- ചെവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) ഫയൽ പരിശോധിച്ചതിൽ നിന്നും പരിശീലനപരിപാടി നടത്തുന്നതിന് മുൻകൂട്ടി ഷെഡ്യൂൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.ഓരോ ദിവസവും ക്ലാസുകൾ കൈകാര്യം ചെയ്ത അദ്ധ്യാപകരുടെ പേരും കൈകാര്യം ചെയ്ത വിഷയം സംബന്ധിച്ചും ഫയലിൽ രേഖകൾ ഇല്ല.

2) അധ്യാപരുടെ ഓരോ മാസത്തേയും അറ്റന്റൻസ് പരിശോധിച്ച് ആയതിനനുസരിച്ച് ഹോണറേറിയം കണക്കാക്കി രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) അധ്യാപകനായ ശ്രീ.രാജേഷ് രാമകൃഷ്ണൻ, ശ്രീമതി. രമ്യ രാമൻ എന്നീ അധ്യാപകർക്ക് നൽകിയ ഹോണറേറിയം അറ്റന്റൻസ് രജിസ്റ്റർ പ്രകാരം ക്ലാസ്സ് കൈകാര്യം ചെയ്ത ദിവസങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | അധ്യാപകന്റെ പേര് | ക്ലാസ് കൈകാര്യം ചെയ്ത തീയതി, ദൈർഘ്യം | നൽകിയ തുക@500/hr | നൽകേണ്ട തുക | അധികം നൽകിയ തുക/ മേൽ പട്ടികയിലെ ബിൽ ക്രമ നം. |
|---|---|---|---|---|---|
| 1 | ശ്രീ.രാജേഷ് രാമകൃഷ്ണൻ | 14.8.2022 ,6മണിക്കൂർ | ₹3500 | ₹3000 | ₹500/3 |
| 2 | ശ്രീമതി.രമ്യ രാമൻ | ഡിസംബർ മാസത്തിൽ ക്ലാസ് കൈകാര്യം ചെയ്തിട്ടില്ല | ₹1500 | ₹0 | ₹1500/7 |
| 3 | ശ്രീമതി.രമ്യ രാമൻ | 7.1.2023/3മണിക്കൂർ (FN) | ₹3000 | ₹1500 | ₹1500/9 |
| ആകെ | | | | | ₹3500 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/28.11.2023) ചുവടെ ചേർക്കുന്നതു പ്രകാരം മറുപടി ലഭ്യമാക്കി. ക്ലാസുകൾ ഷെഡ്യൂൾ ചെയ്ത് നേരത്തെ തന്നെ എല്ലാവരെയും അറിയിച്ചിരുന്നുവെന്നും, എന്നാൽ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല എന്നും, ക്ലാസ്സുകൾ മോണിട്ടർ ചെയ്തിരുന്നത് പ്രൊമോട്ടർമാർ മുഖേനയാണ് എന്നും, അറ്റന്റൻസ് സാക്ഷ്യപ്പെടുത്താതിരുന്നത് അറിവില്ലായ്മകൊണ്ടാണെന്നും, ടീച്ചർമാർ ക്ലാസുകളിൽ കൃത്യമായി എത്തി അനുവദിച്ച സമയം ക്ലാസ് എടുക്കുന്നു എന്നത് നേരിട്ടും പ്രോമോട്ടർമാർ മുഖേനയും ഉറപ്പുവരുത്തിയിരുന്നുവെന്നും, കൂടാതെ പദ്ധതിക്കായി രൂപീകരിച്ച കമ്മറ്റിയുടെ ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവരും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തിയിരുന്നുവെന്നും, എല്ലാ ഓഫീസ് ജോലികളും മറ്റ് സ്റ്റാഫ് ഇല്ലാത്തതിനാൽ തനിയെ ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ ചില മാസങ്ങളിലെ പ്രോസീഡിംഗ്സും ലിസ്റ്റും കൃത്യമായി സൂക്ഷിക്കുവാൻ സാധിച്ചിട്ടില്ലെന്നും മറുപടിയിൽ സൂചിപ്പിക്കുന്നു.

ശ്രീ.രാജേഷ് രാമകൃഷ്ണൻ എന്ന വ്യക്തിക്ക് പട്ടികയിലെ ക്രമനം.1 പ്രകാരം 14.8.2022ൽ ₹500/- അധികം നൽകിയത് ജൂലൈമാസത്തിൽ നൽകിയ ഹോണറേറിയത്തിൽ കുറവ് വന്ന തുകയാണ് ആഗസ്റ്റിൽ നൽകിയതെന്നാണ് വിശദീകരണം. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും ജൂലൈ മാസത്തിൽ കൃത്യമായ തുക നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല. ശ്രീമതി.രമ്യ രാമൻ എന്ന അധ്യാപികക്ക് പട്ടികയിലെ ക്രമനം.2,3 പ്രകാരം തുക അധികം നൽകിയതിന് മറുപടി ലഭ്യമാക്കിയത് 12.11.22,7.1.2023 തീയതികളിൽ അധ്യാപിക 6 മണിക്കൂർ ക്ലാസെടുത്തതിനാലാണ്. എന്നാൽ ടി ദിവസങ്ങളിലെ അറ്റന്റൻസ് രേഖപ്പെടുത്തിയപ്പോൾ തെറ്റു സംഭവിച്ചുവെന്നുമാണ് മറുപടി വിശദീകരണം. എന്നാൽ ഇത് അംഗീകരിക്കാവുന്നതല്ല. നിർവ്വഹണോദ്യോഗസ്ഥ ടി പ്രോജക്ട് ഗൗരവപൂർവം ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. ഒരു വർഷം ₹250500/- പി.എസ്.സി പരിശീലനത്തിനു മാത്രമായാണ് ചെലവഴിച്ചിട്ടുള്ളത്. ഇത്രയും വലിയ തുക അധ്യാപകർക്ക് നൽകുന്നതിന് മാനദണ്ഡമായി വച്ചിട്ടുള്ളത് അധ്യാപകരുടെ അറ്റന്റൻസ് രജിസ്റ്റർ മാത്രമാണ്. ആയതിനാൽ ഏതൊക്കെ ദിവസങ്ങളിൽ ക്ലാസ് നടന്നു എന്നും ഓരോ ദിവസവും എത്ര മണിക്കൂർ വീതം അധ്യാപകർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു എന്നുള്ളതും കൃത്യമായി മോണിട്ടർ ചെയ്ത് സാക്ഷ്യപ്പെടുത്തി ആയതിനനുസരിച്ച് പണം നൽകേണ്ടതായിരുന്നു. അധ്യാപകർക്ക് അധികം നൽകിയ ₹3500 ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് തിരികെ അടവാക്കി അറിയിക്കേണ്ടതാണ്.

## 3-2 യൂണിറ്റ് കോസ്റ്റിനേക്കാൾ അധിക നിരക്കിൽ തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നം | കാർഷിക വിളകളുടെ കീടരോഗതീവ്രരോഗവ്യാപന നിയന്ത്രണം ,172/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ,കൃഷിവകുപ്പ് |
| അടങ്കൽ തുക | ₹200000(വികസന ഫണ്ട് പൊതുവിഭാഗം) |
| ആകെ ചെലവ് തുക | ₹200000(വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് തുക/ബിൽ നം/തീയതി | 1)₹95700 9/2022-23,28.2.2023 2)₹104300 8/2022-23,27.2.2023 |

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള മഞ്ഞള്ളൂർ, ആവോലി, ആരക്കുഴ, കല്ലൂർക്കാട്, ആയവന, പായിപ്ര എന്നീ പഞ്ചായത്തുകളിലെ പാടശേഖരങ്ങളിലെ നെല്ല്, കപ്പ എന്നീ

വിളകളുടെ കീടരോഗ നിയന്ത്രണവുമായി ബന്ധപ്പെട്ട് വളങ്ങളും കീടനാശിനികളും വാങ്ങുന്നതിന് ആകെ ₹2,00,000/- നിർവ്വഹണോദ്യോഗസ്ഥൻ വിവിധ പാടശേഖരസമിതികൾക്കും എക്കോഷോപ്പുകൾക്കും നൽകിയിട്ടുണ്ട്.

പാടശേഖരസമിതികളും എക്കോഷോപ്പുകളും ട്രൈക്കോഡേർമ, സ്യൂഡോമോണസ് എന്നീ ഉൽപ്പന്നങ്ങൾ എറണാകുളം ജില്ല ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 103578/22/ ഡി.പി.സി/ഡിപിഒ /ഇ.കെ.എം/തീയതി 13.7.2022 ഉത്തരവ് പ്രകാരം അനുവദനീയമായ യൂണിറ്റ് കോസ്റ്റിനേക്കാൾ കൂടിയ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | പാടശേഖര സമിതിയുടെ പേര് | വിതരണം ചെയ്ത ഉൽപ്പന്നം | വിതരണം ചെയ്ത അളവ് (കി.ഗ്രാം) | അനുവദനീയമായ യൂണിറ്റ് കോസ്റ്റ്/കി.ഗ്രാം | അധികം നൽകിയ തുക | ബിൽ നം. /തീയതി |
|---|---|---|---|---|---|---|
| 1 | കദളിക്കാട് പാടശേഖര സമിതി, മഞ്ഞള്ളൂർ | ട്രൈകോഡെർമ | 5 @₹120 | ₹105 | ₹75 | 9/2022-23, 28.2.2023 |
| 2 | ആവോലി പാടശേഖര സമിതി, മഞ്ഞള്ളൂർ | ട്രൈകോഡെർമ | 5 @₹120 | ₹105 | ₹75 | 9/2022-23, 28.2.2023 |
| 3 | ജൈവശ്രീ ഇക്കോഷോപ്പ് കല്ലൂർക്കാട് | ട്രൈകോഡെർമ | 5@₹120 | ₹105 | ₹75 | 9/2022-23, 28.2.2023 |
| 4 | ഭാഗ്യശ്രീ ഇക്കോഷോപ്പ്, ആയവന | ട്രൈകോഡെർമ | 35@₹120 | ₹105 | ₹525 | 9/2022-23, 28.2.2023 |
| 5 | ഭാഗ്യശ്രീ ഇക്കോഷോപ്പ്, ആയവന | ട്രൈകോഡെർമ | 5@₹120 | ₹105 | ₹75 | 9/2022-23, 28.2.2023 |
| 6 | ഭാഗ്യലക്ഷ്മി ഇക്കോഷോപ്പ്, വാളകം | ട്രൈകോഡെർമ | 37.5@₹120 | ₹105 | ₹563 | 8/2022-23, 27.2.2023 |
| 7 | ഭാഗ്യലക്ഷ്മി ജൈവഗാർഡൻ | സ്യൂഡോമോണാസ് | 5@₹112 | ₹80 | ₹160 | 8/2022-23, 27.2.2023 |
| ആകെ | | | | | ₹1548 | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/27.11.2023) മറുപടി ലഭ്യമായിട്ടില്ല. യൂണിറ്റ് കോസ്റ്റിനേക്കാൾ അധികരിച്ച് ചെലവഴിച്ച ₹1548 നിരാകരിക്കുന്നു .തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | ചെക്ക് നം./ തീയതി | ചെലവഴിച്ച തുക | ചെലവഴിക്കവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി, മൂവാറ്റുപുഴ | മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഡിവിഷനുകളിൽ കെ എസ് ഇ ബി ലൈൻ എക്സ്റ്റൻഷൻ S0158/23 | 1298080 | 22120263014501260681/27.2.23 -₹302683<br>22120263014501206561/17.2.23 -₹995397 | 0 | 1298080 |
| കെ എസ് ഇ ബി,കോലഞ്ചേരി | വാളകം ഡിവിഷൻ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ S0037/23 | 599086 | 22120263014500712822/28.10.22 -₹599086 | 0 | 599086 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

4-9 ചാർജ്ജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹68092795 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹67103000 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹5048 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹250000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി' യിലേയും 'സി' യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | ₹1548 | ടാനി കെ.തോമസ്, അസി.ഡയറക്ടർ,കൃഷി വകുപ്പ് |
| 3-2 | ₹3500 | റസീന.ടി.എ, പട്ടികജാതി വികസന ഓഫീസർ |
| ആകെ | ₹5048 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | ₹250000 | റസീന.ടി.എ,<br>പട്ടികജാതി വികസന ഓഫീസർ |
| ആകെ | ₹250000 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.
ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.
ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ടാനി കെ.തോമസ് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ,<br>പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസ്,<br>സിവിൽ സ്റ്റേഷൻ,കാക്കനാട് | മുണ്ടച്ചേരി<br>മസ്ജിദ് റോഡ്<br>എച്ച്.എം.ടി കോളനി (പി.ഒ),<br>കളമശ്ശേരി |
| ശ്രീമതി.റസീന .ടി.എ. പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ<br>മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് | കോട്ടയിൽ<br>മൈലൂർ<br>പല്ലാരിമംഗലം(പി.ഒ),<br>കോതമംഗലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1300/2019<br>തീയതി 06.09.2019 |
| 1998-1999 | |
| 1999-2000 | |
| 2000-2001 | |
| 2001-2002 | |
| 2003-2004 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1300/2019 |

| | |
|---|---|
| | |
| 2004-2005 | തീയതി 06.09.2019 |
| 2007-2008 | |
| 2008-2009 | |
| 2009-2010 | |
| 2012-2013 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1300/2019<br>തീയതി 06.09.2019 |
| 2013-2014<br>2014-2015 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.2) 586/2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 352/2017 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 2193/2017/ 15.12.17 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 1272/19 തീയതി 30.09.19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 1553/19 തീയതി 15.10.19 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 979/2020 തീയതി 07.01.2021 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 507/2022 തീയതി 03.07.2022 |
| 2021-22 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 1935/2022 തീയതി 03.12.2022 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 30-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Muvattupuzha Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Muvattupuzha Block Panchayat for the year 2022-2023

Date: 12/12/2023

Joint Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Muvattupuzha Block Panchayat for the Year 2022-2023 .

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information

2. The Asset value shown in Balance Sheet is not traceable to Asset register Due to un supported design of existing asset register.

3. Generation of financial reports showing contradictory information due to non integration of Accounting software with other related softwares.

4. Non inclusion of Notes to accounts in Financial statements and non disclosure of material facts.

**2.Other Observations**

1. Non inclusion of ratios in financial statements
2. Stock register does not match with financial statements
3. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
4. The supporting details regarding balance in district panchayath share for joint venture projects (â'4819446/-) is not provided with the AFS.

5. Not providing adequate provision for doubtful debts.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്